**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2465

09-07-2015-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ഉന്നത വിദ്യാഭ്യാസ മാർഗ്ഗരേഖയ്ക്ക് സെൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സർക്കാർ തലത്തിൽ സ്ഥിരം സംവിധാനം നിലവിലുണ്ടോ; | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പ്രവാസി വിദ്യാർത്ഥികൾക്കായി ഇത്തരം ഒരു സംവിധാനം പ്രഖ്യാപിച്ചിരുന്നോ; | ഇങ്ങനെയൊരു സംവിധാനം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയോ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| സി) എങ്കിൽ ഇക്കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, പോളിടെക്നിക്ക് കോളേജുകളിലും കരിയർ ഗൈഡൻസ് ആന്റ് കൗൺസലിംഗ് സെല്ല്, പ്ലേസ്മെന്റ് സെല്ല് എന്നിവ പ്രവർത്തിക്കുന്നു. ഈ സെല്ലുകൾ വഴി ഡിഗ്രി, ഡിപ്ലോമ പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് വിവിധ സർക്കാർ, പൊതുമേഖലാ, സ്വകാര്യമേഖലകളിലുള്ള കമ്പനികൾ, വ്യവസായ സ്ഥാപനങ്ങൾ, സോഫ്റ്റ് വെയർ വികസന സ്ഥാപനങ്ങൾ എന്നിവയിൽ തൊഴിൽ ലഭ്യമാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും, ടി വ്യവസായ സംരംഭകരെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ഷണിച്ച് വരുത്തി ഇന്റർവ്യൂ , ടെസ്റ്റ് എന്നിവ നടത്തി അവർക്കാവശ്യമുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ കിട്ടുന്നതിനുള്ള സംവിധാനം ഈ കരിയർ ആന്റ് ഗൈഡൻസ് സെല്ലുകൾ വഴി നടത്തുന്നു. എല്ലാ വർഷവും ഇപ്രകാരം നിരവധി വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നുണ്ട്.<br>കൂടാതെ എല്ലാ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ സംവിധാനം വഴി വിദ്യാർത്ഥികൾക്ക് ഇന്ത്യയിലും, വിദേശത്തും തൊഴിൽ ലഭ്യമാകുന്നതിനുതകുന്ന രീതിയിൽ കമ്മ്യൂണിക്കേഷൻ സ്കിൽ, സോഫ്റ്റ് സ്കിൽ, ഇന്റർവ്യൂ - ഗ്രൂപ്പ് ഡിസ്കഷൻ ടെക്നിക്കുകൾ എന്നിവയിൽ പ്രാഗൽഭ്യം ലഭിക്കുന്നതിനും വ്യക്തിത്വ വികസനത്തിനും ആവശ്യമായ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. |
| കേരള സർവ്വകാലാശാല | ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡൻസ് സർവ്വീസസിനോടനുബന്ധിച്ച് യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. |
| മഹാത്മാഗാന്ധി സർവ്വകലാശാല | വിദ്യാർത്ഥികൾക്ക് ആവശ്യമായ കരിയർ ഗൈഡൻസ് നൽകുന്നതിനായി എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെയും, |

| | |
|---|---|
| | യൂണിവേഴ്സിറ്റിയുടെയും സംയുക്ത സഹകരണത്തോടെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ സ്ഥാപിച്ചിട്ടുണ്ട്. ഈ ഓഫീസ് മുഖാന്തിരം യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന അഫിലിയേറ്റഡ് കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും അവയുടെ തൊഴിൽ സാധ്യതകളെകുറിച്ചും ഡെപ്യൂട്ടി ചീഫ് കരിയർ പ്രഭാഷണം നടത്തിവരുന്നു. കൂടാതെ 2012-2013 മുതൽ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ജില്ലയിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്ലസ്ടുവിന് ശേഷം തിരഞ്ഞെടുക്കാവുന്ന വിവിധ മേഖലകളെക്കുറിച്ച് കരിയർ സെമിനാറുകളും മുഖാന്തിരം നടത്തി വരുന്നു. ഓഫീസിൽ ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകാറുണ്ട്. |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | കാലടി സംസ്കൃത സർവ്വകലാശാലയിൽ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ നേതൃത്വത്തിൽ യു.ജി.സി ധനസഹായത്തോടെ ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | യൂണിവേഴ്സിറ്റി തലത്തിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ നിലവിൽ സംവിധാനങ്ങൾ ഉണ്ട്.<br>1. Placement Cell: - കുട്ടികൾക്ക് നിലവിലുള്ള ജോലി സാധ്യതകളെക്കുറിച്ച് മനസ്സിലാക്കാനും കമ്പനികൾക്ക് നിയമനം നടത്താനുള്ള സൌകര്യങ്ങൾ ഉറപ്പാക്കാനും.<br>2. Employment Guidance Bureau:- പുതിയ തൊഴിൽ മേഖലകളേയും കോഴ്സുകളേയും കുറിച്ച് മനസ്സിലാക്കാനും മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കാനും.<br>3. Technology Business Incubator:- നവീന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാനും അത് വ്യവസായികാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനും. |
| കാലിക്കറ്റ് യൂണിവേഴ്സിറ്റി | കാലിക്കറ്റ് സർവ്വകലാശാലയിൽ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ നിലവിലുണ്ട്. |

| | |
|---|---|
| കണ്ണൂർ സർവ്വകലാശാല | കണ്ണൂർ സർവ്വകലാശാലയുടെ തലശ്ശേരി കാമ്പസ്, പാലയോട് എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| മലയാളം സർവ്വകലാശാല | മലയാള സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഫാക്കൽറ്റി ഡീനുകളെയും ഈ രംഗത്തെ വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു പ്ലെയ്സ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ